(എ) പിന്നോക്ക വിഭാഗങ്ങൾക്ക് സ്വയംതൊഴിൽ പദ്ധതിക്കായി എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വയംതൊഴിൽ പദ്ധതിക്ക് പരമാവധി എന്തു തുക വരെ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക വർദ്ധിപ്പിക്കുന്നതിനും വ്യവസ്ഥകൾ ഉദാരമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന സ്വയം തൊഴിൽ സംരംഭത്തിന് 50,000 രൂപവരെയും പ്രത്യേക സ്കീമുകളിൽപ്പെട്ട സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ വരെയും ലളിതമായ വ്യവസ്ഥകളോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പ നൽകുന്നുണ്ട്.

(ബി) 5 ലക്ഷം രൂപ വരെ.

(സി) വായ്പ തുക പരിധി നിശ്ചയിക്കുന്നത് ധനകാര്യ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങളാണ്. വ്യവസ്ഥകൾ ഇനിയും ഉദാരമാക്കേണ്ട പ്രശ്നം ശ്രദ്ധയിൽ വന്നിട്ടില്ല.

1991-ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി ജനസംഖ്യ

2 (1667) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ എത്ര ;

(ബി) അവയുടെ ജാതി-ഉപജാതി തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(സി) 1981-ലെ ഇവരുടെ ജനസംഖ്യയിൽ നിന്നും 1991-ൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ഡി) ഇവരുടെ സാക്ഷരതാ ശതമാനത്തിൽ എന്തു വർദ്ധനവാണ് 1981-ലേതിൽ നിന്നും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 29,86,522.

(ബി) ജാതി-ഉപജാതി തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) 13.22%

(ഡി) 23.7%

LIBRARY ARCHIVES Kerala Legislative Assembly